"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കണ്ണൂർ ജില്ലയിലെ അയ്യൻകുന്ന് ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്കായിരുന്ന ശ്രീ. സി. മൈക്കിൾ സമർപ്പിച്ച അപ്പീൽ അപേക്ഷ - നിരസിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.1619/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 08/09/2020

പരാമർശം:- 1 പഞ്ചായത്ത് ഡയറക്ടറുടെ 19.05.2018 ലെ ഡി9-8555/17 നമ്പർ നടപടിക്രമങ്ങൾ

2 ശ്രീ. സി. മൈക്കിൾ സമർപ്പിച്ച 27.09.2018-ലെ അപ്പീൽ അപേക്ഷ

3 പഞ്ചായത്ത് ഡയറക്ടറുടെ 7.12.2019 ലെ PAN/27233/2018- D9 (DP) നമ്പർ കത്ത്

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ അയ്യൻകുന്ന് ഗ്രാമപഞ്ചായത്ത് മുൻ സീനിയർ ക്ലാർക്കും നിലവിൽ കോയിപ്പുറം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുമായ ശ്രീ. മൈക്കിൾ സി. 19.04.2008 മുതൽ 03.07.2008 വരെയുള്ള തന്റെ സസ്പെൻഷൻ കാലയളവ് ഡ്യൂട്ടിയായി പരിഗണിക്കുന്നതിനായി പഞ്ചായത്ത് ഡയറക്ടർക്ക് സമർപ്പിച്ച അപ്പീൽ അപേക്ഷ നിരസിച്ചതിനെതിരെ സർക്കാരിൽ പരാമർശം (2) പ്രകാരം അപ്പീൽ അപേക്ഷ സമർപ്പിക്കുകയുണ്ടായി.

ശ്രീ. മൈക്കിൾ സമർപ്പിച്ച അപ്പീൽ പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടിന്റേയും അപ്പീൽ ഹർജിക്കാരനെ നേരിൽ കേട്ടപ്പോൾ ഉന്നയിച്ച വാദമുഖങ്ങളുടേയും അടിസ്ഥാനത്തിൽ പരിശോധിച്ചു. അയ്യൻകുന്ന് ഗ്രാമപഞ്ചായത്തിൽ സീനിയർ ക്ലാർക്കായി സേവനമനുഷ്ഠിക്കവേ ശ്രീ. മൈക്കിൾ സി. പോലീസ് സ്റ്റേഷനിൽ ഭരണസമിതി അംഗങ്ങൾക്കെതിരെ പരാതി നൽകിയതിനെ തുടർന്ന് ടിയാനെ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സസ്പെന്റ് ചെയ്യുകയും, ടിയാൻ വിശദീകരണം ബോധിപ്പിച്ചതിനെ തുടർന്ന് ഭരണസമിതി വിഷയം ചർച്ച ചെയ്ത് ടിയാനെ സർവ്വീസിൽ പുനഃപ്രവേശിപ്പിക്കുകയും ചെയ്തിരുന്നു. മേൽ വിഷയത്തിൽ അച്ചടക്ക നടപടികളുടെ ഭാഗമായി അയ്യൻകുന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. മൈക്കിളിന് കുറ്റാരോപണമെമ്മോ നൽകി അച്ചടക്ക നടപടി ആരംഭിച്ചിരുന്നു. അച്ചടക്ക നടപടി പൂർത്തിയാക്കി സസ്പെൻഷൻ കാലയളവ് ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ച് ടി വിവരം സർവ്വീസ് ബുക്കിൽ രേഖപ്പെടുത്തൽ വരുത്താത്തതിനാൽ ടിയാന്റെ ശമ്പള പുനർനിർണയം അംഗീകരിക്കാതെ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് സേവനപുസ്തകം തിരികെ നൽകിയതിനാൽ ടിയാന്റെ വേതന പുനർനിർണയത്തെ പ്രതികൂലമായി ബാധിച്ച സാഹചര്യത്തിൽ അച്ചടക്ക നടപടി പൂർത്തിയാക്കി സസ്പെൻഷൻ കാലം ക്രമീകരിക്കുന്നതിനായി ടിയാൻ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിനെ സമീപിക്കുകയുണ്ടായി. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തുകയും ടിയാന്റെ സർവ്വീസ് ബുക്ക് അയ്യൻകുന്ന് ഗ്രാമപഞ്ചായത്തിൽ ലഭ്യമാക്കി അച്ചടക്ക നടപടി, സസ്പെൻഷൻ കാലയളവ് ക്രമീകരണം എന്നിവയിൽ അന്തിമ ഉത്തരവ് പുറപ്പെടുവിച്ച് ടിയാന്റെ സർവ്വീസ് ബുക്കിൽ രേഖപെടുത്തലുകൾ വരുത്തി സർവ്വീസ് ബുക്ക് ടിയാൻ നിലവിൽ ജോലി ചെയ്തിരുന്ന പഞ്ചായത്തിലേക്ക് തിരികെ ലഭ്യമാക്കാൻ അയ്യൻകുന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തി ഉത്തരവായിരുന്നു. തുടർന്ന് ശ്രീ. മൈക്കിളിന്റെ സസ്പെൻഷൻ കാലം ക്രഡിറ്റില്ലുള്ള അവധിയായി ക്രമീകരിച്ച് ഉത്തരവായി. പ്രസ്തുത ഉത്തരവിനെതിരെ ശ്രീ. മൈക്കിൾ പഞ്ചായത്ത് ഡയറക്ടർക്ക് സമർപ്പിച്ച അപ്പീലിൽ കണ്ണൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം ടിയാന്റെ സസ്പെൻഷൻ ഉത്തരവിൽ പ്രസ്താവിച്ച കുറ്റങ്ങൾ ഗുരുതരമായ അച്ചടക്ക ലംഘനവും നടപടികൾ ക്ഷണിച്ച് വരുത്തുന്നതുമാണെന്നും റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത റിപ്പോർട്ട് പരിഗണിച്ച് സസ്പെൻഷൻ കാലം ഡ്യൂട്ടിയായി പരിഗണിക്കുന്നതിനുള്ള

ടിയാന്റെ അപ്പീൽ അപേക്ഷ പരാമർശം (1) നടപടിക്രമങ്ങൾ പ്രകാരം നിരസിച്ചിരുന്നു.

പ്രസ്തുത ഉത്തരവിനെതിരെയാണ് ശ്രീ. മൈക്കിൾ സർക്കാരിൽ അപ്പീൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. അപ്പീൽ അപേക്ഷയിൽ തനിക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടിയിൽ താൻ സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടം ലംഘിച്ചതായി ഒരു കണ്ടെത്തൽ ഉണ്ടായിട്ടില്ലാത്തതാണെന്നും തനിക്കെതിരെ യാതൊരു വിധത്തിലുള്ള കുറ്റങ്ങളും കണ്ടെത്താൻ സാധിക്കുന്നതല്ലെന്നും കുറ്റാരോപണ മെമ്മോയിൽ പറഞ്ഞ കുറ്റങ്ങൾ നിലനിൽക്കുന്നതല്ലെന്നുമാണ് ബോധിപ്പിച്ചിരിക്കുന്നത്.

അപ്പീൽ അപേക്ഷയിൽ ശ്രീ. മൈക്കിളിനെ നേരിൽ കേൾക്കണമെന്ന് അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ ടിയാനെ നേരിൽ കേട്ടു. പഞ്ചായത്ത് അംഗങ്ങൾക്കെതിരെ പോലീസിൽ പരാതി നൽകുകയും പ്രസ്തുത വിവരം പത്രമാധ്യമങ്ങളിലൂടെ പരസ്യമാക്കുകയും ചെയ്തു എന്ന കാര്യം പരാതിക്കാരനായ ശ്രീ. മൈക്കിൾ സമ്മതിക്കുന്നുണ്ട്. പഞ്ചായത്ത് കമ്മിറ്റിയുടെ 30.04.2008-ലെ 78/2008-ാം നമ്പർ തീരുമാനം 5 നെതിരെ 13 അംഗങ്ങളുടെ ഭൂരിപക്ഷത്തിൽ കൈക്കൊണ്ട തീരുമാനമാണ്. ആകയാൽ വ്യക്തിപരമായ പകപോക്കൽ ആയി കണക്കാക്കാൻ സാധിക്കുന്നതല്ല. ആയത് നിലനിൽക്കുന്നതാണ്. പഞ്ചായത്ത് രാജ് ആക്ടിലും ചട്ടങ്ങളിലും അനുശാസിക്കുന്ന പ്രകാരമാണ് ശ്രീ. മൈക്കിളിനെതിരായ അച്ചടക്ക നടപടി കൈക്കൊണ്ടിട്ടുള്ളത്. അതും ക്രമപ്രകാരമാണ്. 04.07.2008-ലെ 650/07 (14) നമ്പർ ഓഫീസ് ഉത്തരവ് പ്രകാരം തനിക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടി റദ്ദ് ചെയ്തിട്ടുണ്ടെന്ന് സമർപ്പിച്ചിരിക്കുന്നു. എന്നാൽ ശ്രീ.സി.മൈക്കിളിനെ സർവ്വീസിൽ തിരിച്ചെടുത്തുകൊണ്ട് പുറപ്പെടുവിച്ച 04.07.2008-ലെ എ3-137/08 നമ്പർ ഉത്തരവിൽ അയ്യൻകുന്ന് ഗ്രാമപഞ്ചായത്ത് യു.ഡി. ക്ലാർക്ക് ശ്രീ. മൈക്കിളിനെ അച്ചടക്ക നടപടികൾ പൂർത്തിയാക്കുന്നതുവരെ സർവ്വീസിൽ നിന്നും മാറ്റി നിർത്തേണ്ടതില്ല എന്നുള്ളതിന്റെ അടിസ്ഥാനത്തിൽ ശ്രീ. മൈക്കിൾ സർവ്വീസിൽ പ്രവേശിക്കുന്ന മുറക്ക് ടിയാന്റെ സസ്പെൻഷൻ പിൻവലിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. ശ്രീ. സി. മൈക്കിളിന് അച്ചടക്ക നടപടിയുടെ ഭാഗമായി കാരണം കാണിക്കൽ നോട്ടീസ് പുറപ്പെടുവിക്കുന്നതിന് അയ്യൻകുന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തിക്കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആകയാൽ പ്രസ്തുത വാദം അടിസ്ഥാന രഹിതമാണ്. ശ്രീ. മൈക്കിൾ സ്വയരക്ഷക്ക് വേണ്ടിയാണ് പോലീസിൽ പരാതി നൽകിയതെന്നും പൊതു സ്ഥലമായ പഞ്ചായത്ത് ഓഫീസിൽ വെച്ച് നടന്നതാകയാലാണ് പത്രമാധ്യമങ്ങളിൽ ഇതുസംബന്ധമായ വാർത്ത വന്നതെന്ന ടിയാന്റെ വാദം മുഖവിലക്കെടുക്കത്തക്കതായി കാണുന്നില്ല. ടിയാന്റെ പ്രവൃത്തി Kerala Government Servants Conducts Rules-ന്റെ ലംഘനമാണെന്ന കണ്ടെത്തൽ നിലനിൽക്കുന്നതാണ്. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം പരിശോധിച്ചതിൽ ശ്രീ. സി. മൈക്കിളിന്റെ സസ്പെൻഷൻ കാലയളവ് ഡ്യൂട്ടിയായി പരിഗണിക്കണമെന്ന ടിയാന്റെ അപേക്ഷ അംഗീകരിക്കത്തക്കതല്ലായെന്നുകണ്ട് ടിയാൻ സമർപ്പിച്ച അപ്പീൽ അപേക്ഷ നിരസിച്ച് ഉത്തരവാകുന്നു..

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യു**

**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. ശ്രീ. സി. മൈക്കിൾ, മുൻ സീനിയർ ക്ലാർക്ക്, അയ്യൻകുന്ന് ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ) /(ആഡിറ്റ്) , കേരള, തിരുവനന്തപുരം/തൃശ്ശൂർ
4. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ

5. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം

6. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

7. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/251/2018/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by SUDHEER S S
Date: 2020.09.11 [illegible]56:48 IST
Reason: Approved

സെക്ഷൻ ഓഫീസർ